# 2017 -18 കോളേജ് യൂണിയൻ റിപ്പോർട്ട്

കോളേജ് യൂണിയൻ തിരഞ്ഞെടുപ്പ്

2017 സെപ്റ്റംബർ 28ന് നടന്ന കോളേജ് യൂണിയൻ തിരഞ്ഞെടുപ്പിൽ കേരള സർവ്വകലാശാലയുടെ കീഴിലെ ചെമ്പഴന്തി ശ്രീനാരായണ കോളേജിൽ, വിദ്യാർഥികളുടെ പൂർണ പിന്തുണയോടെ ഐതിഹാസിക സമര പോരാട്ടങ്ങൾക്ക് നേതൃത്വം നൽകിയ വിപ്ലവ വിദ്യാർത്ഥി പ്രസ്ഥാനം മാത്രമേ വിദ്യാർത്ഥികളുടെ മനസ്സിൽ ഉള്ളുവെന്ന് സാക്ഷ്യപ്പെടുത്തി വർഗ്ഗീയവാദികൾ തുടച്ചുനീക്കി കൊണ്ട് 81 സീറ്റിൽ 70 സീറ്റും നേടി എതിരില്ലാതെ കോളേജ് യൂണിയൻ എസ്എഫ്ഐ വിജയം കൈവരിച്ചുകൊണ്ട് രക്തനക്ഷത്രാങ്കിത ശുഭ്രപതാക മാനംമുട്ടെ വീണ്ടും ഉയർത്തി. ഭാരവാഹികളായി താഴെ പറയുന്നവരെ തിരഞ്ഞെടുത്തു

ചെയർമാൻ : നിഷാന്ത് J R

ജനറൽ സെക്രട്ടറി :നിതിൻ S G

വൈസ് ചെയർപേഴ്സൺ : അശ്വതി C M

ആർട്സ് ക്ലബ് സെക്രട്ടറി : ബിജിൻ

UUC : ശ്രീഹരിത

മാഗസിൻ എഡിറ്റർ : അഖിൽ S S

ലേഡി റപ്രസന്റേറ്റീവ് : ആതിര A M

ഫസ്റ്റ് ഇയർ റപ്രസന്റേറ്റീവ് : അഭിജിത്ത് K P

സെക്കൻഡ് ഇയർ റപ്രസന്റേറ്റീവ് : അഖിൽബാബു

തേർഡ് ഇയർ റപ്രസന്റേറ്റീവ് : രഞ്ജിത്ത് M

സത്യപ്രതിജ്ഞ

2017 ഒക്ടോബർ 5 ന് ജാതിമത ഭേദങ്ങളില്ലാതെ സത്യസന്ധവും ആത്മാർത്ഥവുമായ പ്രവർത്തനം വാഗ്ദാനം ചെയ്തുകൊണ്ട് സെമിനാർ ഹാളിൽ വച്ച് അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സാന്നിധ്യത്തിൽ പ്രിൻസിപ്പാൾ ഡോ. എൽ. തുളസീധരൻ ചൊല്ലിക്കൊടുത്ത പ്രതിജ്ഞാവാചകങ്ങൾ ഉരുവിട്ട് വിജയികൾ യൂണിയൻ ഭാരവാഹികൾ സ്ഥാനമേറ്റു. തുടർന്ന് യൂണിയൻ എക്സിക്യൂട്ടീവ് യോഗം പ്രിൻസിപ്പാളിനെ അധ്യക്ഷതയിൽ ചേർന്ന് സ്റ്റാഫ് അഡ്വൈസർ ആയി ജിജോ റ്റി ആറിനെ തിരഞ്ഞെടുത്തു.

## രംഗോലി ഫെസ്റ്റ്

2017 ഒക്ടോബർ 17ന് കോളേജ് യൂണിയൻറെ പ്രധാന പരിപാടിയായി രംഗോലി ഫെസ്റ്റ് സംഘടിപ്പിച്ചു. പുതുമകൊണ്ടും വ്യത്യസ്തത കൊണ്ടും വർണ്ണാഭമായ ഫെസ്റ്റിൽ ഒന്നാംസ്ഥാനം ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റും രണ്ടാംസ്ഥാനം സൈക്കോളജി ഡിപ്പാർട്ട്മെന്റും മൂന്നാംസ്ഥാനം ജിയോളജി ഡിപ്പാർട്ട്മെന്റും എക്കണോമിക്സ് ഡിപ്പാർട്ട്മെന്റും കരസ്ഥമാക്കി.

## ലഹരി വിമുക്ത തലമുറ

ലഹരി വിമുക്ത തലമുറ എന്ന വിഷയത്തെ അവലംബിച്ചുകൊണ്ട് 2017 ഒക്ടോബർ 26ന് സംസ്ഥാന യുവജന കമ്മീഷനുമായി ചേർന്നുകൊണ്ട് സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. ഈ സെമിനാറിന് അധ്യക്ഷനായി സെമിനാർ കോർഡിനേറ്റർ ദീപക്കും കൃതജ്ഞത യൂണിയൻ വൈസ് ചെയർപേഴ്സൺ അശ്വതിയും രേഖപ്പെടുത്തുകയുണ്ടായി.

## കോളേജ് യൂണിയൻ ഉദ്ഘാടനം

2017 നവംബർ 1 കേരളപ്പിറവി ദിനത്തിൽ തന്നെ ചെമ്പഴന്തിയുടെ ചുവന്നമണ്ണ് മറ്റൊരു ചരിത്ര നേട്ടത്തിന് കൂടി സാക്ഷ്യം വഹിച്ചു. അന്നേദിവസം ഉടുമ്പൻചോലയുടെ മണിമുത്തും കേരളത്തിലെ വൈദ്യുത വകുപ്പ് മന്ത്രിയുമായ ശ്രീ എം എം മണി യൂണിയൻ ഉദ്ഘാടനം ചെയ്തു. പ്രസ്തുത കർമ്മത്തിൽ അധ്യാപകരും വിദ്യാർത്ഥികളും സജീവമായി പങ്കെടുത്തു. യൂണിയൻ ഉദ്ഘാടനത്തോടനുബന്ധിച്ച് വിവിധതരം കലാപരിപാടികൾ വിദ്യാർഥികൾ അവതരിപ്പിച്ചു.

## നവമാധ്യമവും സൈബർ കുറ്റകൃത്യങ്ങളും

2017 നവംബർ 13ന് നവമാധ്യമവും സൈബർ കുറ്റകൃത്യങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ സംഘടിപ്പിച്ചു. വിദ്യാർഥികൾക്കിടയിൽ കണ്ടുവരുന്ന നവമാധ്യമങ്ങളുടെ ദുരുപയോഗത്തെ സംബന്ധിച്ച് വിദ്യാർത്ഥികളിൽ ഒരു അവബോധം സൃഷ്ടിക്കാൻ സെമിനാറിന് സാധിച്ചു.

2017-18 വർഷത്തെ കോളേജ് യൂണിയൻ പ്രവർത്തന മികവും നേതൃപാടവവും ഉൾക്കൊണ്ട ഒന്നായിരുന്നു ക്രിസ്തുമസ് ആഘോഷം. അതിനോടനുബന്ധിച്ച് വ്യത്യസ്തങ്ങളായ 4 ടെസ്റ്റുകൾ നടത്തുവാൻ യൂണിയനു സാധിച്ചു. അതിനോടൊപ്പം വിവിധയിനം കലാ, വിനോദ മത്സരങ്ങളും വിദ്യാർഥികളുടെയും അധ്യാപകരുടെയും സജീവ പങ്കാളിത്തത്തോടുകൂടി നടത്തുവാൻ സാധിച്ചു.

## അജയ് മെമ്മോറിയൽ ക്രിക്കറ്റ് ടൂർണ്ണമെൻറ്

എല്ലാവർഷവും കോളേജ് യൂണിയനും യൂണിറ്റും സംയുക്തമായി നടത്തുന്ന രക്തസാക്ഷി 'അജയ്' യുടെ സ്മരണയിൽ നടത്തുന്നഅജയ് മെമ്മോറിയൽ ക്രിക്കറ്റ് ടൂർണമെൻറ്, എല്ലാ വർഷത്തെ പോലെയും കലാലയത്തെ ആവേശത്തിന്റെ കൊടുമുടിയിൽ എത്തിച്ചു. ആവേശകരമായ ആവേശകരമായി മാറിയ ക്രിക്കറ്റ് ടൂർണ്ണമെന്റിൽ പൊളിറ്റിക്സ് ഡിപ്പാർട്ട്മെൻറ് ഒന്നാം സ്ഥാനം കരസ്ഥമാക്കി. ബോട്ടണി ഡിപ്പാർട്ട്മെൻറ് രണ്ടാംസ്ഥാനവും കൈവരിച്ചു.

## കോളേജ് ആർട്സ് ഫെസ്റ്റിവൽ ( ബ്രഹ്മ 2018)

2017 18 അധ്യയനവർഷത്തിലെ കോളേജ് യൂണിയൻറെ അഭിമാനകരമായ പരിപാടിയായിരുന്നു കോളേജ് ആർട്സ് ഫെസ്റ്റിവൽ. വിവിധ ഡിപ്പാർട്ട്മെൻറ് കഥ പ്രതിനിധീകരിച്ച് പങ്കെടുത്ത വിദ്യാർത്ഥികൾ അവരുടെ പോരാട്ടവീര്യം കാഴ്ചവെച്ചപ്പോൾ മത്സരങ്ങളുടെ നിലവാരമുയർന്നു.

സാംസ്കാരികപരമായും താര സംബന്ധമായും നടത്തിയ ആർട്സ് ഫെസ്റ്റിവലിൽ മുഖ്യഅതിഥിയായി പ്രശസ്ത സിനിമാ താരം ശ്രീ സൈജു കുറുപ്പും നടി തനൂജയും പങ്കെടുത്തു. വിദ്യാർത്ഥി സമ്പന്നമായ സദസ്സിൽ താരങ്ങൾ വാക്കുകൾകൊണ്ടും നൃത്തച്ചുവടുകൾ കൊണ്ടും വിസ്മയ കാഴ്ചകൾ സമ്മാനിച്ചു.

ഫെബ്രുവരി 7 8 9 തീയതികളിൽ ഓഫ് സ്റ്റേജ് മത്സരങ്ങളും.15 16 17 എന്നീ തീയതികളിൽ ഓൺസ്റ്റേജ് മത്സരങ്ങളും നടത്തുകയുണ്ടായി.

## വനിതാദിനം

2018 മാർച്ച് 8 വനിതാദിനത്തിൽ വളരെ വിപുലമായ രീതിയിൽ തന്നെ പരിപാടികൾ ആസൂത്രണം ചെയ്യാൻ യൂണിയന് സാധിച്ചു. വിദ്യാർത്ഥികളുടെ പൂർണ്ണ പങ്കാളിത്തത്തോടുകൂടി വിമൻസ് റാലി നടത്തുവാൻ സാധിച്ചു.

## ഫുട്ബോൾ ടൂർണമെന്റ്

കാൽപ്പന്തുകളിയുടെ ആവേശം ചെമ്പുചിറ മുന്നിൽ കൊടുങ്കാറ്റായി ആഞ്ഞടിച്ചപ്പോൾ കോളേജിലെ ഓരോ വിദ്യാർഥികളും ആവേശത്താൽ ആർപ്പുവിളിച്ചു. 2018 മാർച്ച് മാസം ഇരുപതാം തീയതി നടന്ന ആവേശകരമായ മത്സരത്തിൽ എക്കണോമിക്സ് ഡിപ്പാർട്മെന്റ് ഒന്നാം സ്ഥാനം നേടി. സൈക്കോളജി ഡിപ്പാർട്ട്മെന്റ് രണ്ടാം സ്ഥാനവും നേടി.

നിതിൻ എസ് ജി

യൂണിയൻ ജനറൽ സെക്രട്ടറി

College Union Competitions 2017-18

Ajay Memorial Cricket Tournament was conducted on 19/03/2018 and a Football was held on 20/03/2018. College Day Celebrations was organized on 22/03/2018 and it revealed the amazing talents of our students.






# College Arts fest 2017-18

College Union has organized the Arts festival  with a unique name ‘Brahma 2018’ from 07/02/2017 to 16/02/2017. Off-stage events were conducted on 07/02/2018 to 09/02/2018 which included a variety of competitions like Essay Writing, Story Writing, Versification and Extempore, Debate, Collage, Pencil Drawing, Cartoon Drawing, painting, Photography and Poster Making and on stage programmes were conducted on 15/02/2018 & 17/02/2018. The inaugural Ceremony of the Arts festival was presided by the Principal and cine artists Syju Kurup and Thanooja were the guests of the event. In order to ensure the maximum participation from every student and to inculcate in them a spirit of competition, the competitions were held in department wise. The judges for all the events were selected from eminent personalities in that particular field. Most of the winners also participated in the University level youth festival.







SAFAVID
COLLEGE MAGAZINE 2018
SN COLLEGE CHEMPAZHANTHY



# College Union Inaguration 2017-18





BRAHMA 2K18

Arts Fest



















Fest
2K18

# ആസിഫയ്ക്കായ്....



# Flood Releif Activities in Chenganuur, Kerala




8
March
INTERNATIONAL
WOMEN'S DAY

# College Day 2017-18











# അജയ് മെമ്മോറിയൽ ക്രിക്കറ്റ് ടൂർണ്ണമെന്റ്



*Winner: Political Science*
















SNOW
EVE 2017